## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 958 — 03.12. 2014 ൽ മറുപടിക്ക്.

### തൊഴിലാളികളുടെ ക്ഷാമബത്ത

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) തൊഴിലാളികളുടെ ക്ഷാമബത്ത കണക്കാക്കുന്നതിലെ അടിസ്ഥാന സൂചികയിലെ അപാകത പരിഹരിക്കുന്നതിന് മുൻ എൽ. ഡി. എഫ്. സർക്കാർ രൂപീകരിച്ച ട്രേഡ് യൂണിയൻ പ്രതിനിധികളുടെയും, വിദഗ്ധരുടെയും കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) തൊഴിലാളികളുടെ ക്ഷാമബത്ത കണക്കാക്കുന്നതിനുള്ള ഉപഭോക്തൃ വിലസൂചിക പുതുക്കി നിർണ്ണയിക്കുന്നതിന്റെ ഭാഗമായുള്ള കുടുംബ ബഡ്ജറ്റ് സർവ്വേ സംസ്ഥാനത്ത് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ നേതൃത്വത്തിൽ പൂർത്തീകരിക്കുകയും സർവ്വേ റിപ്പോർട്ട് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ ചെയർമാനായുള്ള 21 അംഗ 'കേരള കൺസ്യൂമർ പ്രൈസ് ഇൻഡക്സ് റിവിഷൻ കമ്മിറ്റി, 2010', ചർച്ച ചെയ്ത് അംഗീകരിച്ച് സർക്കാരിന് സമർപ്പിക്കുകയും 31.08.2013 – ലെ സ. ഉ (എം. എസ്) നം. 103/2013/ തൊഴിൽ പ്രകാരം റിപ്പോർട്ടിന് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതുമാണ്. ഇത് പ്രകാരം 2011 -12 അടിസ്ഥാന വർഷമായി സ്വീകരിച്ച് പുതുക്കിയ ഉപഭോക്തൃ വിലസൂചിക നിർണ്ണയിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ബി) | 684 പേജുകളുള്ള ടി റിപ്പോർട്ടിന്റെ പകർപ്പ് പ്രിന്റ് ചെയ്തു ലഭിക്കുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണ്. |
| (സി) | ഭക്ഷ്യധാന്യങ്ങളുടെയും പച്ചക്കറി, പാൽ തുടങ്ങിയവയുടെയും യഥാർത്ഥ വിലനിലവാരം ക്ഷാമബത്ത കണക്കാക്കുമ്പോൾ പരിഗണിച്ച് നിലവിലെ അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ ? | (സി) | കാർഷിക വ്യാവസായിക മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ തെരഞ്ഞെടുത്ത് അവരുടെ വീടുകളിൽ ഒരു വർഷം (2011 -12) നീണ്ടുനിന്ന കുടുംബ ബഡ്ജറ്റ് സർവ്വെ നടത്തി അവർ ഉപയോഗിക്കുന്ന സാധനങ്ങളും സേവനങ്ങളും കണ്ടെത്തി ഐറ്റം ബാസ്കറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ഭക്ഷ്യധാന്യങ്ങൾ, പച്ചക്കറി, പാൽ തുടങ്ങി എല്ലാ നിത്യോപയോഗസാധനങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. ഇവയുടെ യഥാർത്ഥ വിലകൾ ശേഖരിച്ചാണ് ഉപഭോക്തൃ വിലസൂചിക തയ്യാറാക്കുന്നത്. ഇപ്പോൾ നിലവിലുള്ള ക്ഷാമബത്ത കണക്കാക്കുമ്പോൾ യഥാർത്ഥ വിലനിലവാരമാണ് ഉപയോഗിക്കുന്നത്. ഇതിൽ അപാകതകൾ ഒന്നും ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ആഫീസർ.